(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സി-ഡിറ്റ് തയ്യാറാക്കിയ സ്ലൈഡ് പ്രോജക്ട് സി-ഡിറ്റിൽനിന്നും മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ബി) സ്ലൈഡ് പ്രോജക്ട് നടപ്പാക്കാനുള്ള ശേഷിയും ടെക്നിക്കൽ നോഹൗ-ഉം സി-ഡിറ്റിനില്ലേ;

(സി) ഉണ്ടെങ്കിൽ സ്ലൈഡ് പ്രോജക്ട് സംബന്ധിച്ച് കാര്യങ്ങൾ സി-ഡിറ്റിൽ നിന്നും മാറ്റാതിരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പ്രസക്തമല്ല.

52 (1803) **സി.ഡി.എസ്സുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ**

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ഡി. എസ്സുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ആസൂത്രണ പ്രക്രിയയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാൻ സർക്കാർ കർശന നടപടികൾ സ്വീകരിക്കുമോ;

(ബി) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന മാവേലിക്കര മുനിസിപ്പാലിറ്റിയിലെ യു.പി.എ. പ്രോജക്ട് ഓഫീസറുടെ നടപടികൾ നിർത്തിവച്ച് അന്വേഷണം നടത്തുമോ;

(സി) ഇതു സംബന്ധിച്ച് മാവേലിക്കര മുനിസിപ്പൽ ലവൽ എക്സ്പെർട്ട് കമ്മിറ്റി കോ-ഓർഡിനേറ്ററുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സർക്കാർ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജെ. എസ്.ആർ.വൈ., എൻ.എസ്.ഡി.പി. എന്നിവ മുനിസിപ്പൽ പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മാവേലിക്കര മുനിസിപ്പാലിറ്റിയിലെ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് ചില സംശയങ്ങൾ ഉണ്ടായിരുന്നത് ദൂരീകരിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് തെളിഞ്ഞാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly